**കേരള കാർഷിക സർവകലാശാല**
**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
**അമ്പലവയൽ, വയനാട്**

മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇമെയിൽ: rarsamb@kau.in/ adramb@kau.in

നമ്പർ ഇ.4627/2024 തീയതി. 18.11.2024

# ടെൻഡർ നോട്ടീസ്

അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ വിവിധ പ്രവർത്തനങ്ങൾക്കും, പൂപ്പൊലി അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഒരു വർഷ കാലയളവിലേയ്ക്ക് **3DX എസ്കവേറ്റർ, ക്രൗളർ എസ്കവേറ്റർ** എന്നിവ (ഡ്രൈവർ ഉൾപ്പെടെ) വാടകയ്ക്ക് നൽകുവാൻ താല്പര്യമുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്രവെച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ടെൻഡർ നമ്പർ | ഇ. 4627/2024 |
| ടെൻഡറുകൾ ലഭിക്കേണ്ട അവസാന തീയതിയും, സമയവും | 30.11.2024 ,2.00 pm |
| ടെൻഡറുകൾ തുറക്കുന്ന തീയതിയും സമയവും | 30.11.2024, 2.30 pm |
| നിരത ദ്രവ്യം (EMD) | Rs. 2000/- |
| ടെൻഡർ വില | Rs. 472/- (400 +ജി.എസ്.ടി 18%) |
| ടെൻഡർ കാലാവധി | ഒരു വർഷം ( ടെൻഡർ അംഗീകരിച്ച തീയതി മുതൽ) |
| ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം,<br>അമ്പലവയൽ, പിൻ-673593 |
| **പുറത്തെഴുത്ത് : 3DX എസ്കവേറ്റർ, ക്രൗളർ എസ്കവേറ്റർ എന്നിവ വാടകയ്ക്ക് നൽകുന്നതിനുള്ള ടെൻഡർ** | |

## നിബന്ധനകൾ

1. കെ. എ.യു. വെബ്സൈറ്റിൽ (www.kau.in/tenders) നിന്നും എടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം. ടെൻഡർ അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് **'3DX എസ്കവേറ്റർ, ക്രൗളർ എസ്കവേറ്റർ എന്നിവ വാടകയ്ക്ക് നൽകുന്നതിനുള്ള ടെൻഡർ'** എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. ഫാമിനകത്ത് **3DX എസ്കവേറ്റർ, ക്രൗളർ എസ്കവേറ്റർ** എന്നിവ ഉപയോഗിച്ചുള്ള ജോലികൾ ചെയ്യുന്നതിന് ഒരു മണിക്കൂറിനുള്ള മിനിമം വാടകയാണ് ടെൻഡറിൽ കാണിക്കേണ്ടത്. (

ഇതിൽ ഡ്രൈവറുടെ കൂലി, ഇന്ധനം, റിപ്പയർ, ടാക്സ് മുതലായവ ടെണ്ടർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം വഹിക്കേണ്ടതാണ്)

3. ജോലി നടന്നുകൊണ്ടിരിക്കുമ്പോൾ വാഹനത്തിന് കേടുപാടുകളോ, യന്ത്രതകരാറുകളോ സംഭവിച്ചാൽ പകരം അതേ എഞ്ചിൻകപ്പാസിറ്റിയുള്ള വാഹനം സപ്ലൈ ചെയ്യാനും പ്രത്യേക സാഹചര്യങ്ങളിൽ ഓവർ ടൈം ജോലി ചെയ്യാനും സന്നദ്ധരായിരിക്കണം. ഓവർ ടൈം നിരക്കിൽ വ്യത്യാസം ഉണ്ടായിരിക്കുന്നതല്ല.

4. വാടകയ്ക്ക് നൽകുവാനുദ്ദേശിക്കുന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ് മറ്റു **രേഖകളുടെ പകർപ്പുകൾ ടെൻഡറിനോടൊപ്പം** സമർപ്പിക്കേണ്ടതാണ്.

5. ടെൻഡറിനോടൊപ്പം, ടെൻഡർ കോസ്റ്റ്, ജി.എസ്.ടി & നിരത്രവ്യം എന്നിവയ്ക്ക് **' അസോസിയേറ്റ് ഡയറക്ടർ , പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ'** എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന മൂന്ന് വ്യത്യസ്ത ഡിമാൻഡ് ഡ്രാഫ്റ്റുകൾ അടച്ച് ടെൻഡറിൽ പങ്കുകൊള്ളേണ്ടതാണ്. നിർദിഷ്ട സമയത്തിനുശേഷം ലഭിക്കുന്നതും, അപൂർണവുമായ ടെൻഡറുകളും, സ്വീകരിക്കുന്നതല്ല.

6. ടെൻഡർ മേൽസൂചിപ്പിച്ച വിലാസത്തിൽ നിശ്ചിത തീയതിയ്ക്കും, സമയത്തിനും മുൻപായി അയക്കേണ്ടതോ, നേരിട്ട് ഓഫീസിൽ എത്തിക്കേണ്ടതോ ആണ്.

7. ടെൻഡറിനോടൊപ്പം 200/-(ഇരുനൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ സമ്മതപത്രം ഉണ്ടായിരിക്കണം. ഇതിന്റെ മാതൃകയും മുകളിലെ വെബ് സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്യാവുന്നതാണ്.

8. ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

9. നിശ്ചിത തീയതി/ സമയത്തിനു മുൻപായി കിട്ടിയ ടെൻഡറുകൾ അന്നേദിവസം 2.30 മണിക്ക് തന്നെ ഹാജരുള്ള ദർഘാസുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ആവശ്യമെങ്കിൽ ലേലം നടത്തുന്നതുമാണ്. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് തുകയോ, ലേലത്തുകയോ ഏതാണ് തൃപ്തികരമെന്ന് ബോധ്യപ്പെട്ടാൽ ആയത് അംഗീകരിക്കുന്നതുമായിരിക്കും. ആവശ്യമെങ്കിൽ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ ലേലവും നടത്തുന്നതായിരിക്കും.

10. നിരതദ്രവ്യവും ടെൻഡർ ഫീസും, സമ്മതപത്രവും ഇല്ലാത്ത ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.

11. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ 200/- രൂപ ( ഇരുനൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം തയ്യാറാക്കി സ്ഥാപനമേധാവിയുമായി ഒരു അന്തിമ കരാറിൽ ഒപ്പ് വയ്ക്കേണ്ടതാണ്.

12. ഇപ്രകാരം ടെൻഡർ ഏറ്റെടുക്കുന്ന ആൾ ടെൻഡർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ( ക്യാഷ്/ടേം ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടി/ ഡിമാന്റ് ഡ്രാഫ്റ്റ്) അടക്കേണ്ടതാണ്.

13. വിജയിയായ ടെൻഡറുകാരൻ ഫാമിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് ജോലി ആരംഭിക്കേണ്ടതും ഫാമിലെ ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്ന ജോലികൾ സമയബന്ധിതമായി, ഫാമിലെ മറ്റ് വസ്തുവകകൾക്കൊന്നും നഷ്ടം സംഭവിക്കാതെ ചെയ്തു തീർക്കേണ്ടതാണ്.

14. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ ഒരേ സമയം ഒന്നിൽ കൂടുതൽ വാഹനങ്ങൾ ആവശ്യമെങ്കിൽ ലഭ്യമാക്കേണ്ടതാണ്.

15. ജോലിയ്ക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെയും, വാഹനത്തിന്റെയും നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ, മറ്റ് വ്യവസ്ഥകൾ മുതലായവ പാലിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം കരാറുകാരന്റേത് മാത്രമായിരിക്കും. ജോലിയ്ക്കിടയിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും, അപകടങ്ങൾക്കും കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി. ടെൻഡർ അംഗീകരിച്ചുകഴിഞ്ഞാൽ വാഹനം പ്രവർത്തിപ്പിക്കുവാൻ നിയോഗിക്കുന്ന ഡ്രൈവർമാരുടെ പേരുവിവരങ്ങൾ, ഡ്രൈവിംഗ് ലൈസൻസ്, തിരിച്ചറിയൽ രേഖകളുടെ പകർപ്പുകൾ ബന്ധപ്പെട്ട ചാർജുള്ള ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.

16. ടെൻഡറുകൾ സ്വീകരിക്കുന്നതിനോ, മാറ്റി വെയ്ക്കുന്നതിനോ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

17. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.

18. ടെൻഡർ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം, അതേ സമയം ടെൻഡർ സ്വീകരിക്കുന്നതും തുറന്നു പരിശോധിക്കുന്നതും ആണ്.

19. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

20. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ് (ഫോൺ: 04936 260421/260561, മൊബൈൽ: 9188224421)

REGIONAL AGRICULTURAL RESEARCH STATION AMBALAVAYAL, WAYANAD PIN KERALA AGRICULTURAL UNIVERSITY

18/11/24

ഡോ. സി.കെ. യാമിനി വർമ്മ
അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

Associate Director of Research
Regional Agricultural Research Station
Ambalavayal
Wayanad Dist. - 673 593

പകർപ്പ്:

കെ.എ.യു വെബ് സൈറ്റ്
നോട്ടീസ് ബോർഡ് (ആർ.എ.ആർ.എസ്, ഫാം ഓഫീസ്, കെ.വി.കെ)
ഫാം സൂപ്രണ്ട്/ ഫാം ഇൻ ചാർജ്/ അമ്പലവയൽ വില്ലേജ് ഓഫീസ്/
അമ്പലവയൽ പഞ്ചായത്ത് ഓഫീസ് / അമ്പലവയൽ കൃഷി ഭവൻ